**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില സ്ഥാപനങ്ങൾക്ക് അവർ സൃഷ്ടിക്കുന്ന തിക്കും തിരക്കും കാരണമുണ്ടാകുന്ന ഗതാഗത തടസ്സം, സുരക്ഷാ വിഷയങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി പോലീസുകാരുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നുണ്ടോ; ഇത്തരം ആവശ്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്ഥാപനങ്ങളുടെ സുരക്ഷ ഒരുക്കുന്നത് പോലീസിൽ അർപ്പിതമായ ചുമതലയല്ല. സംസ്ഥാനത്തെ സുപ്രധാന സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സുരക്ഷ<br><br>നൽകുന്നതിനായി പോലീസിന്റെ കീഴിൽ സ്റ്റേറ്റ് ഇൻഡസ്ട്രീയൽ<br><br>സെക്യൂരിറ്റി ഫോഴ്സ് (SISF) നിലവിലുണ്ട്. SISF ന്റെ<br><br>സേവനം വിട്ടുനൽകുന്നതിന് നിശ്ചിത തുക പ്രസ്തുത സ്ഥാപനം പോലീസ് വകുപ്പിന് നൽകേണ്ടതാണ്.<br><br>സ്വകാര്യസ്ഥാപനങ്ങൾക്ക് പോലീസിന്റെ സേവനം സൗജന്യമായി നൽകി<br><br>വരുന്നില്ല. അതേസമയം പോലീസ് ആക്ടിൽ<br><br>വിഭാവനം ചെയ്തിട്ടുള്ള ക്രമസമാധാനപാലനം, ഗതാഗത തടസ്സങ്ങൾ പരിഹരിക്കൽ തുടങ്ങിയ അർപ്പിത ചുമതലകൾ പോലീസ് നിർവ്വഹിച്ചുവരുന്നുണ്ട്. |
| (ബി) | ക്രമസമാധാന പാലനം ഒഴികെ മതപരമായ ആഘോഷങ്ങൾ ഉൾപ്പെടെയുള്ള അവസരങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സേനയ്ക്ക് പകരം നിശ്ചിത ഫീസ് ഈടാക്കി സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം വിട്ടുനൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പോലീസ് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പോലീസിന്റെ അർപ്പിത ചുമതലകൾക്കല്ലാതെ ദീർഘമായ കാലയളവിലേക്ക് പോലീസിന്റെ സുരക്ഷ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുന്ന സന്ദർഭത്തിൽ SISF- ലെ നിരക്കിൽ വ്യവസായ സുരക്ഷാസേനയെ വിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പൊതുജന താത്പര്യമില്ലാത്തതും വ്യക്തി അധിഷ്ഠിതവും സ്ഥാപന അധിഷ്ഠിതവുമായ ആവശ്യങ്ങൾക്ക് പോലീസ് സേനയ്ക്ക് പകരം | (സി) | ഉണ്ട്. വ്യവസായ സുരക്ഷാസേന പോലീസ് സേനയുടെ തന്നെ ഭാഗമാണ്. കൊച്ചി മെട്രോ, റിസർവ്വ് ബാങ്ക് ഉൾപ്പെടെ |

| | | | |
|---|---|---|---|
| | സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിലൂടെ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട ചുമതലകളിൽ പോലീസ് സേനയ്ക്ക് കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | വിവിധ ബാങ്കുകൾ എന്നിവയ്ക്ക് ഈ സേനയുടെ സേവനം വിട്ടുനൽകുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന<br><br>വ്യവസായ സംരംഭങ്ങൾക്കായി കിൻഫ്ര, KSIDC തുടങ്ങിയവ ഒരുക്കുന്ന വ്യവസായ<br><br>പാർക്കുകളിലേക്കുൾപ്പെടെ ആവശ്യമായ സുരക്ഷ നൽകുന്നതിന് ഈ സേനയെ<br><br>വിനിയോഗിക്കാനാകുമെന്നതാണ് ഏറ്റവും പ്രധാനമായ നേട്ടം. അതുവഴി കൂടുതൽ തൊഴിലവസരങ്ങളും പോലീസ് സേനയിൽ സൃഷ്ടിക്കപ്പെടും. ഇപ്രകാരം ആവശ്യാനുസരണം വിന്യസിക്കുന്നതിനായി<br><br>ആദ്യഘട്ടത്തിൽ 1000 തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ